# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1634 03/05/2017-ൽ മറുപടിക്ക്

## സ്വകാര്യ ലാബ്, സ്കാൻ സെന്ററുകളിലെ അമിത ചാർജ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.എൽദോ എബ്രഹാം** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| എ) | ചില സ്വകാര്യ ലാബ്, സ്കാൻ സെന്ററുകൾ പരിശോധനകൾക്ക് അമിത ചാർജ് ഈടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) യും ബി) യും സി) യും ഡി) യും | ഉണ്ട്. സംസ്ഥാനത്ത് സ്വകാര്യ ലാബുകളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുവാൻ നിലവിൽ ആരോഗ്യ വകുപ്പിൽ സംവിധാനമില്ല. എന്നാൽ സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ എല്ലാ ചികിത്സാ സ്ഥാപനങ്ങളുടെയും പ്രവർത്തന നിലവാരം ആവശ്യമായ നിയമം മുഖേന നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ "കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജി. & റഗു.) ബിൽ 2017"-ന് രൂപം നൽകിയിട്ടുണ്ട്. ബിൽ നിയമസഭ-യിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| ബി) | സ്വകാര്യ സ്ഥാപനങ്ങളുടെ പ്രവർത്തനം പരിശോധിക്കുന്നതിനും നിയന്ത്രിക്കുന്നതിനും നിലവിലുള്ള സംവിധാനം എന്താണെന്ന് അറിയിക്കാമോ; | | |
| സി) | ഇത്തരം സ്ഥാപനങ്ങളിലെ പരിശോധനകൾക്ക് സർക്കാർ നിരക്ക് നിശ്ചയിച്ച് നൽകുന്നതിനും അവ വ്യക്തമായി പ്രദർശിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ